**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ളാർക്ക് ശ്രീ. ഉസ്സൻ കോയയ്ക്ക് വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ)നമ്പർ 136/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി 18/01/2017

---

പരാമർശം:

1) സർക്കുലർ നമ്പർ 18326/എ.ആർ.14(1)/2011/ഉഭപവ തീയതി 29.10.2012
2) സ.ഉ(സാധാ) നം. 4438/1994/എൽഎഡി തീയതി 26.09.1994
3) സ.ഉ(സാധാ) നം. 2831/2000/തസ്വഭവ തീയതി 13.07.2000
4) സ.ഉ(സാധാ) നം. 4565/2004/തസ്വഭവ തീയതി 20.12.2004
5) ശ്രീ. ഉസ്സൻ കോയ, സീനിയർ ക്ലാർക്ക്, രാമനാട്ടുകര ഗ്രാമപഞ്ചായത്ത്, കോഴിക്കോട് 30.08.2014 ൽ സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ.
6) പഞ്ചായത്ത് ഡയറക്ടറുടെ 17.05.2012,30.01.2014,14.10.2014 എന്നീ തീയതികളിലെ ഇ 5-37106/09 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ളാർക്ക് ശ്രീ. ഉസ്സൻ കോയയ്ക്ക് കെ. എസ്. ആർ ഭാഗം 1, അനുബന്ധം XII A പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 5 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ പരാമർശം 6 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) ശ്രീ. ഉസ്സൻ കോയ 08.01.1986 ൽ പഞ്ചായത്ത് വകുപ്പിൽ ബിൽ കളക്ടർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് പരാമർശം 2 പ്രകാരം 01.01.1995 മുതൽ അഞ്ച് വർഷത്തേക്ക് കെ. എസ്. ആർ ഭാഗം 1, അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് പരാമർശം 3 പ്രകാരം 01.01.2000 മുതൽ അഞ്ച് വർഷത്തേക്കും, പരാമർശം 4 പ്രകാരം 01.01.2005 മുതൽ അഞ്ച് വർഷത്തേക്കും ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

(മറുപുറം...)

3) പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെയും പരാമർശം 1 പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കില്ല എന്ന വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ളാർക്ക് ശ്രീ. ഉസ്സൻ കോയയ്ക്ക് പരാമർശം 4 പ്രകാരമുള്ള ഉത്തരവിന് തുടർച്ചയായി 01.01.2010 മുതൽ 31.12.2014 വരെ കെ.എസ്. ആർ ഭാഗം 1, അനുബന്ധം XII A(9) ചട്ടത്തിൽ ഇളവ് വരുത്തി മുൻകാല പ്രാബല്യത്തോടെ വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**

**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, രാമനാട്ടുകര ഗ്രാമപഞ്ചായത്ത് കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീ ഉസ്സൻ കോയ, ക്ളാർക്ക്, രാമനാട്ടുകര ഗ്രാമപഞ്ചായത്ത്, (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പിന് ( 23.04.2015 ലെ 26872/റൂൾസ് ബി2/15/ധന നമ്പർ കുറിപ്പ് പ്രകാരം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (I&PRD)

ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

ആഫീസ് പകർപ്പ് / കരുതൽ ഫയൽ(ആർഎ 1/32678/12/തസ്വഭവ നമ്പർ ഫയൽ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ